പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 468 **13-10-2026-ൽ മറുപടിയ്ക്ക്**

കയർ നിർമ്മാണ തൊഴിലാളികളുടെ ക്ഷേമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മാണി. സി. കാപ്പൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കയർ നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: കയർ തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി സർക്കാർ 1987 ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി നിയമ പ്രകാരം 1989-ൽ രൂപീകരിച്ച കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 81,193 കയർ തൊഴിലാളികൾക്ക് പ്ര തിമാസം 2000/- രൂപ ക്ഷേമനിധി പെൻഷനും, ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമായി കയർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും താഴെ പറയുന്ന ക്ഷേമാനുകൂല്യങ്ങളും നൽകുന്നുണ്ട്.

വനിതാ അംഗത്തിനും മകൾക്കും വിവാഹ ധനസഹായമായി 2000/- രൂപയും,അംഗത്തിന് പ്രസവാനുകൂല്യമായി 15,000/- രൂപയും, ശാരീരിക അവശതയ്ക്ക് 2500/- രൂപയും, അംഗത്തിന്റെ അപകടമരണ നഷ്ടപരിഹാരമായി 10,000/- രൂപയും, ചികിത്സാ സഹായമായി 1000/- രൂപയും, ശവസംസ്കാര ധനസഹായമായി 1000/-രൂപയും, കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അക്കാദമിക് കോഴ്സുകൾക്ക് സ്കോളർഷിപ്പായി 750/-രൂപയും, പ്രൊഫഷണൽ കോഴ്സുകൾക്ക് 3000/- രൂപയും, വിരമിച്ച കയർ തൊഴിലാളികൾക്ക് കാലയളവ് കണക്കാക്കി മിനിമം 2500/- രൂപ മുതൽ പരമാവധി 15,000/- രൂപ വരെയും നൽകുന്നുണ്ട്. കൂടാതെ തൊഴിലാളികളുട മക്കളിൽ പ്ലസ് ടു-വിന് ഫുൾ എ പ്ല സ് ലഭിച്ചവർക്ക് 10,000/- രൂപയും നൽകിവരുന്നു.

2026 ഓണത്തോട് അനുബന്ധിച്ച് ഉത്സവക്കാലത്തെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി, കയർ നൂൽപ്പ് സം ഘങ്ങളിലെ 5000 തൊഴിൽ രഹിതരായ തൊഴിലാളികൾക്ക് 2000/- രൂപ വീതം അഡ്വാൻസ് / എക്സ് ഗ്രേഷ്യ അനുവദിക്കു ന്നതിനായി ഒരു കോടി രൂപ, സ.ഉ (സാ ധാ) നമ്പർ 1009/2026/വ്യവ തീയതി 22-08- 2026 പ്രകാരം അനുവദിച്ച് ഉത്തരവായി.

2026-27 സാമ്പത്തിക വർഷത്തിൽ ക്ഷേമനിധി തൊഴിലാളികളുടെ മക്കൾക്ക് ഉപരിപഠന സ്കോളർഷിപ്പ് പദ്ധതിക്കായി 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കയർ നിർമ്മാണ തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

മറുപടി: കേരള കയർ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗങ്ങളായുള്ള കയർ തൊഴിലാളികൾക്ക് ഇൻഷുറൻസ് കവറേജ് നടപ്പിലാക്കുന്നതിനായി 17,40, 000/- രൂപയുടെ

ഭരണാനുമതി സ. ഉ.(സാധാ) നമ്പർ 1030/2026/വ്യവ തീയതി 05-09-2026 പ്രകാരം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ